(ഡി) ഇതിന്റെ ഉത്തരവാദിത്വം ആരിലാണ്? 'നിക്ഷിപ്തമായിരിക്കുന്നത്:

(ഇ) ഈ ഫണ്ട് ദുരുപയോഗപ്പെടുത്തുന്നതായി പരാതി ഉണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) സ്ഥിര നിക്ഷേപം 34,93,125 രൂപ.
സേവിംഗ്സ് 2,55,000 ,,

(സി) ക്ഷേമനിധിയിൽ അംഗമായിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്കും സർവ്വീസിൽനിന്ന് പെൻഷൻപറ്റി പിരിയുന്ന അംഗങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിനായി വിനിയോഗിക്കുന്നു.

(ഡി) ക്ഷേമനിധിയുടെ നിയമാവലി അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഒരു സമിതിയാണ് നിധിയുടെ ഭരണച്ചുമതല വഹിക്കുന്നത്.

(ഇ) ഇല്ല.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വാങ്ങുന്ന ടയറുകൾ

*240 [378] ശ്രീ. എം. കെ. കേശവൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ആവശ്യമായ ടയറുകൾ വാങ്ങുന്നത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ്;

(ബി) ഒരു വർഷത്തേക്ക് ആവശ്യമായ ടയറുകളുടെ ശരാശരി എണ്ണമെത്ര;

(സി) ഈ സ്ഥാപനങ്ങളിൽ നിന്ന് ടയറുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും എന്തൊക്കെയാണ്?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 1. പ്രീമിയർ ടയേഴ്സ് (ലിമിറ്റഡ്)
2. ബോംബെ ടയർ ഇൻറർനാഷണൽ (ലിമിറ്റഡ്)
3. മോഡി റബ്ബർ (ലിമിറ്റഡ്)
4. അപ്പോളോ ടയേഴ്സ് (ലിമിറ്റഡ്)
5. ഡൺലപ് ഇൻഡ്യാ (ലിമിറ്റഡ്)
6. ഗുഡ് ഇയർ ഇൻഡ്യ (ലിമിറ്റഡ്)
7. മദ്രാസ് റബ്ബർ ഫാക്ടറി (ലിമിറ്റഡ്)

(ബി) ശരാശരി 24,000 ടയറുകൾ.

(സി) ടയർ കമ്പനികൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വില നിരക്ക് സമ്മതിച്ച് 30 ദിവസത്തിനകം പണം നൽകാമെന്ന വ്യവസ്ഥയിൽ ഓർഡർ നൽകുകയാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly